ങ്ങളും തുടങ്ങാൻ ഉദ്ദേശിക്കുന്നു. അവയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1999-2000

ചേളന്നൂർ	-	183
കുന്നുമ്മേൽ	-	175
പന്തലായനി	-	165
കോഴിക്കോട്(ആർ)	-	257
ആകെ	-	**780**
		===

2000-2001

തോടന്നൂർ	-	119
തുണ്ണേരി	-	126
വടകര	-	114
കോഴിക്കോട് (അർബൻ)	-	167
ആകെ	-	**526**
		===

(ബി) കോഴിക്കോട് ജില്ലയിലെ 8 പ്രോജക്ടുകളിലായി 1306 അംഗൻവാടി വർക്കർമാരേയും അത്രയും (1306) ഹെൽപ്പർമാരേയും നിയമിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ചേളന്നൂർ, കുന്നുംമേൽ, പന്തലായനി, കോഴിക്കോട് (ആർ) എന്നീ പ്രോജക്ടുകൾ ഈ വർഷം തന്നെ നിലവിൽ വരുന്നതാണ്. ഈ പ്രോജക്ടുകളിലെ അംഗൻവാടി വർക്കർ/ഹെൽപ്പർ തെരഞ്ഞെടുപ്പ് നടന്നു വരുന്നു. തോടന്നൂർ, തുണ്ണേരി, വടകര, കോഴിക്കോട് (അർബൻ) എന്നീ പ്രോജക്ടുകൾ 2000-2001-ൽ നിലവിൽ വരുന്നതും അതോടൊപ്പം അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും തെരഞ്ഞെടുക്കുന്നതുമാണ്.

ഭൂനികുതി

51 (1395) ശ്രീ. വി. ബാലറാം :

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ ഭൂമിയിൻമേലുള്ള നികുതി ഹെക്ടറിന് എത്രയായിരുന്നു;

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഭൂനികുതി എപ്പോഴെല്ലാം വർദ്ധിച്ചു;

(സി) ഓരോ പ്രാവശ്യവും എത്രവീതം വർദ്ധിപ്പിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ ഹെക്ടർ ഒന്നിന് ഭൂനികുതി എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളാ ഫിനാൻസ് ആക്ട് 1993 (1993-ലെ ആക്ട് 13) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 50 പൈസയും ടൗൺഷിപ്പ്/മുനിസിപ്പൽ പ്രദേശത്ത് ഒരു രൂപയും കോർപ്പറേഷൻ പ്രദേശത്ത് രണ്ടു രൂപയും ആർ ഒന്നിന് ഭൂനികുതി ഈടാക്കി വന്നിരുന്നു.

(ബി)-(ഡി) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം കേരളാ ഫിനാൻസ് ആക്ട് 1998 (1998-ലെ 14-ാം ആക്ട്) പ്രകാരം ഒരു പ്രാവശ്യം ഭൂനികുതി വർദ്ധിപ്പിച്ചു.

ആർ ഒന്നിന്, ഗ്രാമപഞ്ചായത്തിൽ ഒരു രൂപയും ടൗൺ പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശത്ത് രണ്ട് രൂപയും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് 4 രൂപയും ആയി വർദ്ധിപ്പിച്ചു. എന്നാൽ ഗ്രാമപഞ്ചായത്തിൽ 20 ആർ വരെയും, ടൗൺ പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശത്ത് 6 ആർ വരെയും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് 2 ആർ വരെയും ഭൂമി കൈവശമുള്ള ഭൂഉടമകളിൽ നിന്നും യഥാക്രമം ആർ ഒന്നിന് 50 പൈസയും, 1 രൂപയും, രണ്ടു രൂപയും നിരക്കിൽ മാത്രമേ ഭൂനികുതി ഈടാക്കുന്നുള്ളൂ. മേൽപ്പറഞ്ഞ നിരക്കാണ് ഇപ്പോൾ നിലവിലുള്ളത്.

പട്ടികവർഗ്ഗ ഭൂനിയമം

52 (1396) ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറുമാസത്തിനകം 1975-ലെ പട്ടികവർഗ്ഗ ഭൂനിയമം നടപ്പാക്കണമെന്നും 1999 ലെ ഇതു സംബന്ധിച്ച പുതിയ നിയമത്തിലെ 5,6,7 വകുപ്പുകൾ നടപ്പിക്കുന്നതു സ്റ്റേ ചെയ്തുകൊണ്ടും ഹൈക്കോടതി വിധി പുറപ്പെടുവിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇപ്രകാരം ഹൈക്കോടതി നടത്തിയ വിധി സ്റ്റേ ചെയ്തുകൊണ്ട് സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സംബന്ധിച്ച് എന്തൊക്കെ തുടർനടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly